**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 671** **17-09-2025 - ൽ മറുപടിയ്ക്ക്**

**മാറനല്ലൂർ പഞ്ചായത്തിൽ സ്ഥാപിക്കുന്ന ഈറ ഉല്പന്നങ്ങൾക്കായുള്ള കോമൺ ഫെസിലിറ്റി സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മാറനല്ലൂർ പഞ്ചായത്തിൽ സ്ഥാപിക്കുന്ന ഈറ ഉല്പന്നങ്ങൾക്കായുള്ള കോമൺ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട നിയോജക മണ്ഡലത്തിൽ മാറനല്ലൂർ പഞ്ചായത്തിൽ സ്ഥാപിക്കുന്ന മുള/ഈറ ഉല്പന്നങ്ങൾക്കായുള്ള കോമൺ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുകയാണ്. പ്രസ്തുത പരിശീലന സെന്ററിനായുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ചുമതലപ്പെടുത്തി യിട്ടുണ്ട്. പ്രസ്തുത ഏജൻസിയുടെ നേതൃത്വത്തിൽ കെട്ടിടനിർമാണം 95% പൂർത്തിയായി കഴിഞ്ഞു. മറ്റ് അനുബന്ധ ജോലികളുടെ നിർമാണ പൂർത്തീകരണം 2025 ഒക്ടോബർ മാസത്തോട് കൂടി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. |
| (ബി) | ഇതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി എന്തായെന്നും നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാനാകുമെന്നും വിശദമാക്കാമോ? | (ബി) | തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട നിയോജക മണ്ഡലത്തിൽ മാറനല്ലൂർ പഞ്ചായത്തിൽ സ്ഥാപിക്കുന്ന മുള/ഈറ ഉല്പന്നങ്ങൾക്കായുള്ള കോമൺ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 200 ലക്ഷം രൂപയുടെ പ്രോജക്റ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി നാളിതുവരെ രണ്ട് ഗഡുക്കളായി 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ